**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3226** **13-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>സർക്കാർ തലത്തിൽ ക്ഷേമ നിധി ബോർഡുകളുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തനം വിലയിരുത്താറുണ്ട്. കൂടാതെ ലേബർ കമ്മീഷണറും എല്ലാ ക്ഷേമനിധി ബോർഡിൽ നിന്നും അതാത് മാസത്തെ ആനുകൂല്യ വിതരണ റിപ്പോർട്ട് ലഭ്യമാക്കുകയും യോഗങ്ങൾ വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നു. |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ ഭരണ ചെലവുകൾ ആകെ ചെലവിന്റെ നിശ്ചിത ശതമാനത്തിലധികരിക്കരുതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ബോർഡുകളുടെ ഭരണ ചെലവുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ആക്ടിൽ / പദ്ധതിയിൽ നിഷ്കർഷിക്കുകയോ സർക്കാർ നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഭരണച്ചെലവുകൾ ഉയർന്ന് നിൽക്കുന്നതു മൂലം തൊഴിലാളി ക്ഷേമനിധികളിൽ അംശദായം ഉയർത്തുന്നതിന് സർക്കാർ നിർബന്ധിതമായി തീർന്നിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (സി) | ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി ബോർഡുകളിലെ അംശദായം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | തൊഴിലാളികളുടെ അംശദായം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുകയിൽ വലിയൊരു അംശം ഭരണപരമായ ചെലവുകൾക്ക് മാറ്റിവയ്ക്കേണ്ടി വരുന്നത് ക്ഷേമനിധികളുടെ ഉദ്ദേശ്യ ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തുന്നു എന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ബോർഡുകളുടെ ഉദ്ദേശലക്ഷ്യങ്ങളെ ബാധിച്ചിരിക്കുന്ന തരത്തിൽ ഭരണചെലവ് അധികരിച്ചിട്ടില്ല. കമ്പ്യൂട്ടർവത്ക്കരണം, Direct Benefit Transfer (DBT) ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ ജിവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തി ഭരണ ചെലവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br><br>വിവിധ കാലഘട്ടങ്ങളിലായി അംഗങ്ങളുടേയും പെൻഷൻ കാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലവും വർദ്ധിച്ചുവരുന്ന ഭരണചെലവ് |

| | | | |
|---|---|---|---|
| | | | കാരണവും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ബോർഡുകളെ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പദ്ധതി 1988 അദ്ധ്യായം 9 ഖണ്ഡിക 53(2) 1 പ്രകാരം ബോർഡിന്റെ ഭരണ ചെലവ് ആകെ അംശദായത്തിന്റെ 10% എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണചെലവ് 5%-ത്തിൽ അധികരിക്കരുതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഖണ്ഡിക 22 ഉപഖണ്ഡിക (2) പ്രകാരം പിരിഞ്ഞ് കിട്ടുന്ന ഒരുവർഷത്തെ മൊത്തം അംശദായത്തിന്റെ 15 % കവിയാത്ത തുക ഭരണനിർവ്വഹണ ചെലവുകൾക്കായി മാറ്റിവയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവുകൾ ഫണ്ടിന്റെ മൊത്തം വിഹിതത്തിന്റെ 15%-ത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ഭരണ ചെലവുകൾ ആകെ ചെലവിന്റെ 5%-ത്തിൽ അധികരിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവുകൾ ആകെ ചെലവിന്റെ നിശ്ചിത ശതമാനത്തിൽ അധികരിക്കരുതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടില്ല.

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണചലവുകൾ ആകെ ചെലവിന്റെ നിശ്ചിത ശതമാനത്തിൽ അധികരിക്കരുതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടില്ല.

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് റൂൾ 1977-ന്റെ ഖണ്ഡിക 19 പ്രകാരം ബോർഡിന്റെ ഭരണ ചെലവുകൾ വാർഷിക വരുമാനത്തിന്റെ 10%-ത്തിൽ അധികരിക്കരുതെന്ന് പറയുന്നുണ്ട്.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പാര 38 (2) പ്രകാരം ഭരണചെലവുകൾക്കായി നിശ്ചിത ശതമാനം തുക വകമാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2006-ലെ കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്ടിൽ 6-ാം വകുപ്പിൽ 8-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥ പ്രകാരം ബോർഡിലേയ്ക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞ് കിട്ടുന്ന തുകയുടെ 7%- വരെയോ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കാവുന്ന തുകയോ ബോർഡിലെ സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് അംഗീകൃത ചെലവുകൾക്കുമായി ചെലവഴിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്ടും പദ്ധതിയും 72 (3) പ്രകാരം ഓരോ വർഷവും വസൂലാക്കിയതോ വസൂലാക്കുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ മൊത്തം അംശദായത്തിന്റെ 25%-ത്തിൽ കവിയാത്ത ഒരു ഭാഗം ബോർഡിന്റെ ഭരണ ചെലവിനായി മാറ്റി വയ്ക്കുന്നു.

1999 ജൂൺ 18-ലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ് 70/99/തൊഴിൽ പ്രകാരം പുറപ്പെടുവിച്ച കേരള ഈറ്റ, കാട്ടുവള്ളി.തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് പദ്ധതി വിജ്ഞാപനത്തിലെ ഖണ്ഡിക 23(2) അനുസരിച്ച് ലഭിച്ചതോ, ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഒരു വർഷത്തെ മൊത്തം അംശദായത്തിന്റെ പത്ത് ശതമാനത്തിൽ കവിയാത്ത തുക ഭരണച്ചെലവുകൾക്കായി മാറ്റി വയ്ക്കാവുന്നതാണ്.

2009-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിലെ അദ്ധ്യായം 7-ലെ ഖണ്ഡിക 52(2) പ്രകാരം ലഭിച്ചതോ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഒരു വർഷത്തെ മൊത്തം അംശദായത്തിന്റെ 10%-ത്തിൽ കവിയാത്ത തുക ഭരണ ചെലവിനായി മാറ്റിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2010-ലെ_കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി 40 (2) പ്രകാരം പിരിഞ്ഞതോ പിരിയുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഒരു വർഷത്തെ മൊത്തം അംശദായത്തിന്റെ 10% തുക ഭരണ ചെലവിനായി മാറ്റിവയ്ക്കേണ്ടതാണ്.

1995-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി അദ്ധ്യായം 10 ഖണ്ഡിക 43 (2) പ്രകാരം പിരിഞ്ഞതോ പിരിയുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ ഒരു വർഷത്തെ മൊത്തം അംശാദായത്തിന്റെ 9%-ത്തിൽ കവിയാത്ത തുക ബോർഡിന്റെ ഭരണ ചെലവിന് വിനിയോഗിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുണ്ട്.

കേരള അബ്ക്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണ ചെലവ് അതാത് വർഷം പിരിഞ്ഞ് വരുന്ന അംശദായ തുകയുടെ 9%-ത്തിൽ കവിയരുതെന്ന് 06/04/1995-ലെ 36569/ജെ2/94/തൊഴിൽ നമ്പർ കത്തിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ